LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിൽ ഇ-ഫയലിംഗ്

221 (4853) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസുകളിൽ ഇ-ഫയലിംഗ് സംവിധാനമായ IDEAS സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര ഇ-ഗവേർണേൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ് സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം ലക്ഷ്യമിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ടെണ്ടറിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവയുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം (PRICE software) 1-1-2014 മുതൽ നടപ്പിലാക്കുകയുണ്ടായി. ഇത് ഉടൻ തന്നെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും നടപ്പിലാക്കും. ഇതിനെത്തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഇ-ഗവേർണൻസ് സംവിധാനമായി PRICE software-നെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂട്ടിലങ്ങാടി - കുറുവ - കാടാമ്പുഴ പാങ്ങ്വേണ്ടി പാലം

222 (4854) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടിലങ്ങാടി-കുറുവ-കാടാമ്പുഴ റോഡിലെ പാങ്ങ്വേണ്ടി പാലം പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;